**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **07-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതിയുടെ നാലാം ഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഒന്നാം ഘട്ടത്തിൽ 108 കടകൾ, രണ്ടാം ഘട്ടത്തിൽ 150 കടകൾ, മൂന്നാം ഘട്ടത്തിൽ 172 കടകൾ, നാലാം ഘട്ടത്തിൽ 770 കടകൾ എന്നിങ്ങനെ ആകെ 1200 റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പുതുതായി മാവേലി സ്റ്റോറുകളോ മാവേലി സൂപ്പർമാർക്കറ്റുകളോ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | ജനപ്രതിനിധികൾ, പൊതുജനങ്ങൾ മുതലായവരുടെ ആവശ്യങ്ങളിൽ സാധ്യതാ പഠനം നടത്തി ഉചിതമായ സ്ഥലങ്ങളിൽ, മാവേലി സൂപ്പർ സ്റ്റോർ/ സൂപ്പർ മാർക്കറ്റ് ആരംഭിക്കാറുണ്ട്. കൂടാതെ സാധ്യതാപഠനം നടത്തി നിലവിലുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റായി അപ്ഗ്രേഡ് ചെയ്ത് നവീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. |

സെക്ഷൻ ഓഫീസർ